## തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്

(സാന്നിദ്ധ്യം വി. എസ്. ജയകുമാർ)

### സംഗ്രഹം

ശബരിമല മണ്ഡലം-മകരവിളക്ക് മഹോത്സവം- ശബരിമല, പമ്പ നിലയ്ക്കൽ എന്നിവിടങ്ങളിൽ അയ്യപ്പഭക്തർക്ക് അന്നദാനം പൂർണ്ണമായും ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ കാര്യക്ഷമമായി നൽകുന്നത് സംബന്ധിച്ച്

---

നടപടി ഉത്തരവ് നമ്പർ. Roc. 11/2016/Sab തിരുവനന്തപുരം, തീയതി 21/03/2016

---

പരാമർശം : 02/03/2016 ലെ കോൺഫറൻസ് തീരുമാനം.

തിരുവിതാംകൂർ ദേവസ്വം ബോർഡ് 02/03/2016 ൽ ബോർഡ് ആസ്ഥാനത്ത് വച്ച് കൂടിയ യോഗത്തിൽ ശബരിമല, പമ്പ നിലയ്ക്കൽ എന്നിവിടങ്ങളിൽ അയ്യപ്പഭക്തർക്ക് അന്നദാനം പൂർണ്ണമായും ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ കാര്യക്ഷമമായി നൽകുന്നത് സംബന്ധിച്ച് ചർച്ച ചെയ്ത് ചുവടെ വിവരിക്കും പ്രകാരം തീരുമാനിച്ച് ഉത്തരവാകുന്നു.

### ഉത്തരവ്

a) അന്നദാനം പൂർണ്ണമായും ദേവസ്വം ബോർഡിന്റെ കീഴിൽ നടത്തുന്നതിനും, ആയത് മെക്കനൈസ്ഡ് ചെയ്ത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തീരുമാനിച്ചു. ആവശ്യമായ ഹൈടെക് മെഷ്യനറീസ് ഉടൻ സപ്ലൈ ചെയ്യുന്നതിന് ദേവസ്വം ചീഫ് എൻജിനീയറെ (ജനറൽ) ചുമതലപ്പെടുത്തി.

b) ഉപയോഗിക്കുന്ന ഉൽപന്നങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനായി അന്നദാനത്തിനാവശ്യമായ പച്ചക്കറി ഉൾപ്പടെ എല്ലാ മെറ്റീരിയൽസും ദേവസ്വം സ്റ്റോർ മുഖാന്തിരം സപ്ലൈ ചെയ്യുന്നതിന് തീരുമാനിച്ചു. ഇതിലേക്കുള്ള ക്രമീകരണങ്ങൾ മുൻകൂട്ടി ഏർപ്പെടുത്തുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തി.

c) പാചകക്കാർക്ക് ന്യായമായ വേതനം നൽകികൊണ്ട് പലവേല ക്ലീനിംഗ് വിഭാഗത്തിന്റെ എണ്ണം പരിമിതപ്പെടുത്തുന്നതിന് തീരുമാനിച്ചു. ഇക്കാര്യത്തിൽ പഠനം നടത്തി വ്യക്തമായ പ്രൊപ്പോസൽ രണ്ടാഴ്ചക്കകം സമർപ്പിക്കുന്നതിന് ദേവസ്വം അക്കൗണ്ട്സ് ഓഫീസറെ ചുമതലപ്പെടുത്തി.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി,

(ഒപ്പ്)
സെക്രട്ടറി

പകർപ്പ്:-

1. ദേവസ്വം കമ്മീഷണർ
2. ദേവസ്വം ചീഫ് എൻജിനീയർ (ജനറൽ)
3. എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
4. എക്സിക്യൂട്ടീവ് എൻജിനീയർ,പമ്പ
5. അസിസ്റ്റന്റ് എൻജിനീയർ,ശബരിമല,പമ്പ, നിലയ്ക്കൽ
6. മരാമത്ത് സെക്ഷൻ
7. ഇ.ഡി.പി (വെബ് സൈറ്റ്)
8. സെക്ഷൻ ഫയൽ
9. ഫയൽ ബുക്ക്

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

21..03.2016
Vgk